# Weekly Devotion- June 2016 Week 2

## El-Roi (The God Who Sees)

(കാണുന്ന ദൈവം) (ഉല്പ:16:13)




ഒരു ഓഫീസിലെ മാനേജർ തസ്തികയിലേക്ക് ആളുകളെ തിരഞ്ഞെടുക്കുന്ന അഭിമുഖം നടക്കുകയായിരുന്നു. രാവിലെ മുതൽ ഉദ്യോഗാർത്ഥികൾ എത്തിക്കൊണ്ടിരുന്നു. ചിലർ വായിക്കുന്നു, ചിലർ ഇരിയ്ക്കുന്നു. പിന്നീട് നില്ക്കുന്നു എന്നുവേണ്ട ആകെ ഒരു വെപ്രാളത്തിന്റെ അന്തരീ

ക്ഷം.എന്നാൽ മാത്യു എന്ന ഒരു ചെറുപ്പക്കാരൻ മാത്രം ആധി ഇല്ലാത്തവനായി പുഞ്ചിരിയോടെ ഒരിടത്ത് ഇരുന്നു.അഭിമുഖം നടത്തേണ്ടവർ പുറത്തുനിൽക്കുന്നവരെ വീക്ഷിച്ച് അകത്തേയ്ക്ക് കയറി. ഓരോരുത്തർ വിളി കേൾക്കുമ്പോൾ അകത്തു കയറി. മാത്യുവിന്റെ ഊഴമായപ്പോൾ ധൈര്യത്തോടെ അകത്തുകയറിയവൻ അവിടെ ഇരുന്നവർക്ക് ഒരു പുഞ്ചിരി സമ്മാനമായി നൽകി.കൂടാതെ ഇരിക്കുവാൻ ആവശ്യപ്പെട്ടപ്പോൾ ഒരു നന്ദി പറഞ്ഞിട്ടാണ് ഇരുന്നത്. ചോദ്യാവലി ഒന്നും ഇല്ലാതെ കുറച്ചു സമയം കഴിഞ്ഞ് പൊയ്ക്കൊള്ളുവാൻ പറഞ്ഞപ്പോഴും നന്ദി പറഞ്ഞിട്ടാണ് അവൻപുറത്തു പോയത്.അടുത്തദിവസം കിട്ടിയ നിയമന ഉത്തരവുമായി ചെന്ന മാത്യു ചോദിച്ചു സാർ ചോദ്യങ്ങളൊന്നും ചോദിക്കാതെ എന്നെ നിയമിച്ചത് എങ്ങനെ? താങ്കൾ അറിയാതെ ഞങ്ങൾ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. നിങ്ങളുടെ നന്ദിപ്രകടനം, നിവർന്നുള്ള ഇരുപ്പ് എല്ലാം ഞങ്ങൾ ശ്രദ്ധിച്ചിരുന്നു.ഭയം ഇല്ലാത്ത ധൈര്യമാണ് നിന്നെ ഇതിന് പ്രാപ്തനാക്കിയത്.

നമ്മുടെ ഉള്ളം ദൈവം കാണുന്നു എന്ന് നാം മനസ്സിലാക്കണം. കൂടാതെ ദൈവീക കാഴ്ചപ്പാടിൽ നിന്ന് നമുക്ക് ഒരിടത്തേക്കും പോയി ഒളിയ്ക്കുവാനും സാദ്ധ്യമല്ല.പാതാളത്തിലായാലും, സ്വർഗ്ഗത്തിലായാലും ദൈവത്തിന്റെ കണ്ണ് എല്ലാവരേയും കാണുന്നുണ്ട്. ഇരിയ്ക്കുന്നതും, എഴുന്നേൽക്കുന്നതും തമ്പുരാന്റെ അറിവോടെ ചെയ്യുവാൻ കഴിയുകയുള്ളൂ.

**(1) ആരാധനയുടെ കുറവ് കാണുന്ന ദൈവം.**

ഹായിക്കും ബെഥേലിനും ഇടയ്ക്കുള്ള ആരാധനാ ജീവിതത്തിൽ വന്ന പരാജയമാണ് ഭൗതീകമായും ആത്മീയമായും ക്ഷീണിതരാക്കുന്നത്. ഇത് ഇപ്രകാരമുള്ളവരെ മിസ്രേമിലെത്തിക്കുക മാത്രമല്ല ഹാഗാറിനെപ്പോലെയുള്ളവരെ സ്വീകരിക്കേണ്ട അവസ്ഥയും വരുത്തും. തന്റെ എല്ലാ പ്രവർത്തിയും ദൈവം അറിയുമെന്നത് അബ്രഹാം മറന്നുപോയി എന്ന് ചിലപ്പോൾ തോന്നാം. ദൈവീകപദ്ധതിയ്ക്ക് വിരോധമായി ഭാര്യ പ്രേരിപ്പിച്ചപ്പോൾ അനുസരിച്ചത് അതുകൊണ്ടാകാം.

**ഹായ്-യിസ്രായേൽ മക്കൾ വ്യവസ്ഥ തെറ്റിച്ച സ്ഥലം**

ബെഥേൽ- ദൈവത്തിന്റെ ആലയം. ഹായിയ്ക്കും, ബെഥേലിനും മദ്ധ്യേ എന്ന് പറയുമ്പോൾ ശീതവാനുമല്ല ഉഷ്ണവാനുമല്ലാത്ത അവസ്ഥയാണ്. എന്നാൽ ഓർക്കുക വ്യാജഭാവം ദൈവം കാണുന്നു എന്നുള്ളത്

**(2) തീരുമാനങ്ങൾ കാണുന്ന ദൈവം**

നല്ല തീരുമാനങ്ങൾ എടുക്കുന്നതും അതിനായി പല കാര്യങ്ങൾ ഉപേക്ഷിക്കുന്നതും കാണുകയും അറിയുകയും ചെയ്യുന്നവനാണ് ദൈവം. എബ്രായ ബാലൻമാർ രാജകീയഭക്ഷണങ്ങൾ ഉപേക്ഷിച്ച് ശാകപദാർത്ഥവും പച്ചവെള്ളവും പത്തുദിവസം ഉപയോഗിച്ചപ്പോൾ അനുഗ്രഹിച്ചത് അവരുടെ ധൈര്യമുള്ള തീരുമാനം ശ്രദ്ധിച്ചതുകൊണ്ടാണ്. (ദാനി 1:11-15).

ഇതുപോലെ മിസ്രേമിൽ നിന്ന് പോന്നപ്പോൾ സാറായുടെ ദാസിയായിത്തീർന്ന ഹാഗാറിന്റെ തീരുമാനവും യഹോവ മാനിച്ചു. ജീവനുള്ള ദൈവത്തോടുള്ള സാറായുടെ ബന്ധമാകാം മിസ്രേമിലെ വിഗ്രഹങ്ങളെ ഉപേക്ഷിച്ച് സാറായുടെ ദാസിയാകുവാൻ പ്രേരിപ്പിച്ചത്.ലൗകീക ഇമ്പങ്ങളുടെ സ്ഥലം വിട്ട് കൂടാരവാസം സ്വീകരിച്ച് തന്റെ ജനത്തോടൊപ്പം വരുവാൻ കാണിച്ച ധൈര്യമുള്ള തീരുമാനം ദൈവം കണ്ടു. നല്ല തീരുമാനങ്ങൾ എടുത്താൽ അവ നിവർത്തിക്കുവാനുള്ള കൃപയും ലഭ്യമാകും എന്ന് മറക്കരുത്.

ദൈവത്തോട് ചേരുവാൻ സ്നാനം ഏല്ക്കണം (ഗലാ:3:17)എന്ന സത്യം അറിഞ്ഞിട്ടും സ്വീകരിക്കുവാൻ തയ്യാറാകാത്തവരെ, ഓർക്കുക മറ്റുള്ളവരെയാണ് നിങ്ങൾ ഭയക്കുന്നതെങ്കിൽ അതിനാവശ്യമില്ല. നല്ല തീരുമാനങ്ങൾ എടുക്കുന്നവരെ കാണുന്ന ദൈവം അത് നടപ്പാക്കുവാൻ വേണ്ട ക്രമീകരണങ്ങളും ഒരുക്കുന്നവനാണ്.




**(3) കാണുകയും സംസാരിക്കുകയും ചെയ്യുന്ന ദൈവം**

തെറ്റുചെയ്ത ആദിമാതാപിതാക്കൻമാർ യഹോവയായ ദൈവം തങ്ങളെ കാണാതിരിപ്പാൻ തോട്ടത്തിലെ വൃക്ഷങ്ങളുടെ ഇടയിലൊളി

ച്ചു. ദൈവം അവരെ കാണുന്നു എന്ന് അവർ അറിഞ്ഞില്ല. നിങ്ങൾ എവിടെ? എന്തിന് ഒളിച്ചു? എന്ന ചോദ്യങ്ങളാൽ പുറത്തുകൊണ്ടുവന്ന ദൈവം അവരുടെ ന്യായീകരണത്തിന്റെ ശിക്ഷ നൽകി. പക്ഷേ പാപത്താൽ നഗ്നത ബാധിച്ചു എന്നറിഞ്ഞവർക്ക് കൃപയാൽ പുതിയ ഉടുപ്പ് സൗജന്യമായി നൽകി. ഇതുപോലെ ഹാഗാറിന് തന്റെ വീഴ്ചയ്ക്ക് പല കാരണങ്ങൾ കണ്ടെത്തി നിരത്തുവാൻ കാണും. മറ്റുള്ളവരുടെ താല്പര്യത്തിന് വില്ക്കുവാനുള്ളതല്ല അവളുടെ ശരീരം. തെറ്റ് തെറ്റുതന്നെയാണ് ദൈവദൃഷ്ടിയിലും. ആത്മീയമായി വളരുവാൻ ആഗ്രഹിച്ച് നല്ല തീരുമാനങ്ങൾ എടുക്കുന്ന നമ്മെ ദൈവത്തിൽ നിന്നകറ്റുന്ന സാത്താന്യശക്തികളെ സൂക്ഷിക്കുക, ഇവർ നമ്മുടെ പ്രീയപ്പെട്ടവരായാലും അനുസരിക്കരുത്.പാപം ചെയ്തു എന്ന് മനസ്സിലാക്കി മുറിവേറ്റ മനസ്സുമായി ഒളിച്ചിരിക്കാതെ പുറത്ത് വരിക. പുതിയ ഉടുപ്പുമായി യേശു നിങ്ങളുടെ അടുക്കലെത്തും. പ്രീയരേ! കാണുകയും സംസാരിക്കുകയും ചെയ്യുന്നവൻ കരുതിയിരിക്കുന്ന പുത്തൻ ഉടുപ്പ് സൗജന്യമായി നിങ്ങൾക്ക് ലഭ്യമാണ്. വിശുദ്ധിയുടെ അടയാളമായ ഈ ഉടുപ്പ് സ്വീകരിച്ച് മണവാളനായി കാത്തിരിക്കുക.

ഹാഗാർ(ഓടുന്നവൾ, അലയുന്നവൾ)വീടു വിട്ട് ഓടിയിട്ടും മരുഭൂമിയിലെ നീരുറവിന്നരികെ വച്ച് യഹോവയുടെ ദൂതൻ പേർ ചൊല്ലി വിളിച്ചിട്ട് മടങ്ങിപ്പോയി യജമാനത്തിയ്ക്ക് കീഴ്പ്പെട്ട് ജീവിപ്പാൻ കല്പിച്ചു. തന്നെ കണ്ട, സങ്കടം  കേട്ടനുഗ്രഹിച്ചവന്റെ വാക്ക് അനുസരിച്ചവൾ ആ കിണറിന് ബേർ-ലഹയീം-റോയി അഥവാ യഹോവ എന്നെ കാണുന്നു എന്ന് പേർ നൽകി. നമ്മെ കാണുന്ന ദൈവത്തിന്റെ വാക്കുകൾ അനുസരിപ്പാൻ ദൈവം കൃപ ചെയ്യട്ടെ.

## <u>പ്രാർത്ഥന</u>

സ്വർഗ്ഗീയ പിതാവേ! ഏതവസ്ഥയിലും ഞങ്ങളെ അങ്ങ് കാണുന്നതിനായി സ്തോത്രം. ഈ അറിവ് നല്ല വഴിയേ നടപ്പാൻ ഞങ്ങളെ സഹായിക്കുന്ന കൂടാരവാസികളാണ് എന്ന ചിന്ത സ്വീകരിച്ച് ലോകത്തിന്റെ നശ്വരകാഴ്ചപ്പാട് വിട്ട്, മുൻപോട്ട് യാത്രചെയ്യുവാൻ സഹായിക്കേണമേ.

ആമേൻ...........

**Santhamma Varghese**